# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 152 | 03.02.2020-ൽ മറുപടിക്ക് |
|---|---|

### പോക്സോ കേസുകളിലെ ശാസ്ത്രീയ പരിശോധന

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.മമ്മൂട്ടി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പോക്സോ നിയമം ബാധകമായ കുറ്റകൃത്യങ്ങളുടെ വ്യാപനം തടയുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പോക്സോ നിയമം ബാധകമായ കുറ്റകൃത്യങ്ങളുടെ വ്യാപനം തടയുന്നതിന് സ്കൂൾ-കോളേജ് തലങ്ങളിൽ ചൈൽഡ് ലൈൻ, ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെയും SPC, NCC, Scout & Guides തുടങ്ങിയ സംഘടനകളുടെയും നേതൃത്വത്തിൽ വ്യാപകമായ ബോധവൽക്കരണ ക്ലാസുകൾ എല്ലാ കുട്ടികൾക്കും, രക്ഷകർത്താക്കൾക്കും മറ്റും നൽകി വരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ് മുഖാന്തിരം വീടുകൾ സന്ദർശിക്കുന്ന സമയത്തും ഇത് സംബന്ധിച്ച ബോധവൽക്കരണം നടത്തി വരുന്നു. എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ അവശ്യംവേണ്ട ശാസ്ത്രീയ പരിശോധന യഥാസമയം നടക്കാത്തതുകൊണ്ട് അപരാധികൾക്ക് സമയബന്ധിതമായി ശിക്ഷ നൽകാനോ നിരപരാധികളെ കുറ്റവിമുക്തരാക്കാനോ കഴിയാത്ത അവസ്ഥ സംജാതമായിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് പോക്സോ കേസ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് യഥാസമയം ബന്ധപ്പെട്ടവർ മുഖേന സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. ചില കേസുകളിൽ ശാസ്ത്രീയ പരിശോധനാ ഫലം കൃത്യസമയത്ത് ലഭിക്കാത്തതിനാൽ കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

<table>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിൽ ശാസ്ത്രീയ പരിശോധന ആവശ്യമായി വന്നുവെന്നും എത്രയെണ്ണം പരിശോധനാ വിധേയമാക്കിയെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ?</td><td>(സി)</td><td>

| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (26.01.2020 വരെ) രജിസ്റ്റർ ചെയ്ത പോക്സോ കേസുകളുടെ എണ്ണം | അവയിൽ ശാസ്ത്രീയ പരിശോധന ആവശ്യമായി വന്ന കേസുകളുടെ എണ്ണം | പരിശോധനാ വിധേയമാക്കിയ കേസുകളുടെ എണ്ണം |
|---|---|---|
| 11072 | 5061 | 5023 |

</td></tr>
</table>

സെക്ഷൻ ഓഫീസർ